# വിവരാവകാശ നിയമം 2005 പ്രകാരമുള്ള അപ്പീൽ അപേക്ഷ

പ്രേക്ഷിതൻ

3545




അനിൽകുമാർ. എം,
S/o. അപ്പക്കുഞ്ഞി,
മാളംങ്കൈ ഹൗസ്,
കാറഡുക്ക പി.ഒ.
മുളിയാർ (വഴി),
കാസർഗോഡ്. 671542.

സ്വീകർത്താവ്

അഡീഷണൽ ഡയറക്ടർ
സാമൂഹ്യനീതി ഡയറക്ടറേറ്റ്,
വികാസ് ഭവൻ, 5-ാം നില
തിരുവനന്തപുരം - 695001.

വിഷയം : വിവരാവകാശനിയമപ്രകാരം ലഭ്യമായ മറുപടിയിൽ മേൽ അപ്പീൽ സമർപ്പിക്കുന്നത് സംബന്ധിച്ച്.

സൂചന ; 07/02/2018 തീയ്യതിയിലെ അനിൽകുമാർ.എം. എന്നവരുടെ വിവരാവകാശ അപേക്ഷ.

സാർ,

മേൽ സൂചനയിലേയ്ക്ക് അങ്ങയുടെ ശ്രദ്ധ ക്ഷണിക്കുന്നു. സൂചനപ്രകാരം എന്റെ അപേക്ഷയിൽ മേൽ ലഭിച്ച മറുപടി പൂർണ്ണമല്ല. അതിനാൽ താഴെ പറയുന്ന ചോദ്യങ്ങൾക്കൂടി വ്യക്തത വരുത്താൻ അപേക്ഷ

1. ഉത്തരവ് നമ്പർ 2-ൽ പറയുന്ന പ്രകാരം ബന്ധപ്പെട്ട രേഖകൾ എവിടെ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിലാണ് നിയമനശുപാർശ നൽകിയത്.

2) രേഖകൾ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിലാണെങ്കിൽ നിയമനം ലഭിക്കാത്ത ലിസ്റ്റിൽ ഒന്നാമതല്ലേ ശ്രീ.എച്ച്.എൽ. പരമേശ്വരൻ വരേണ്ടത്. അദ്ദേഹം എങ്ങനെ 3-ാം സ്ഥാനത്തായി.

4) അങ്ങനെയാണെങ്കിൽ അദ്ദേഹത്തിന്റെ മുമ്പിലോ പിമ്പിലോ ഉള്ളവർക്ക് നിയമനം നൽകാൻ എന്താണ് തടസ്സം.

മേൽ പറഞ്ഞ ചോദ്യങ്ങൾക്ക് കൂടി മറുപടി ലഭ്യമാക്കാൻ അപേക്ഷ

കാറഡുക്ക
06/03/2018

വിശ്വസ്തതയോടെ
അനിൽകുമാർ.എം
Anil 6/3/18

"ഭരണഭാഷ - മാതൃഭാഷ"

നമ്പർ: D4-2256/18

**<u>വിവരാവകാശം/മറുപടി</u>**
സാമൂഹ്യ നീതി ഡയറക്ടറേറ്റ്,
വികാസ് ഭവൻ, തിരുവനന്തപുരം,
തീയതി: 19.02.2018.
Email : swdkerala@gmail.com
Phone: 0471 - 2306040.

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
സാമൂഹ്യനീതി ഡയറക്ടറേറ്റ്,
തിരുവനന്തപുരം.

ശ്രീ. അനിൽ കുമാർ എം.,
S/o അപ്പക്കുഞ്ഞി,
മാളംകൈ ഹൗസ്,
കാറഡുക്ക പി.ഒ.
മുളിയാർ (വഴി),
കാസർഗോഡ്.

സർ,

വിഷയം:- സാമൂഹ്യ നീതി വകുപ്പ് - വിവരാവകാശം 2005 - മറുപടി അയയ്ക്കുന്നത് - സംബന്ധിച്ച്:

സൂചന:- താങ്കളുടെ 07.02.2018-ലെ വിവരാവകാശ പ്രകാരമുള്ള അപേക്ഷ.

സൂചന വിവരാവകാശ പ്രകാരമുള്ള അപേക്ഷ മറുപടി ഇതോടൊപ്പം ചേർക്കുന്നു.

1. 16.08.1999 മുതൽ 31.12.2003 വരെയുള്ള കാലയളവിൽ employment exchange വഴി താൽക്കാലിക നിയമനം ലഭിച്ച ഭിന്നശേഷിക്കാരെ സ്ഥിരപ്പെടുത്താനുള്ള സർക്കാർ ഉത്തരവ് പ്രകാരം കാസർഗോഡ് ജില്ലാ സഹകരണ ബാങ്കിൽ പ്രസ്തുത കാലയളവിൽ സേവനമനുഷ്ഠിച്ച 8 പേർക്ക് കൂടി നിയമനം ലഭിക്കാനുണ്ട്. ആയത് സംബന്ധിച്ച് ഇവർക്ക് മറ്റു വിവിധ വകുപ്പുകളിൽ ബന്ധപ്പെട്ട തസ്തികകളിൽ പുനർ നിയമനം നൽകുന്നതിന് സർക്കാരിലേയ്ക്ക് അപേക്ഷ സമർപ്പിച്ചിട്ടുള്ളതാണ്.

2. സീനിയോറിറ്റിയുടെ അടിസ്ഥാനത്തിലല്ല പുനർ/സ്ഥിര നിയമനം നടത്തുന്നത്. അപേക്ഷകരിൽ നിന്നും ബന്ധപ്പെട്ട രേഖകൾ ലഭ്യമാകുന്ന മുറയ്ക്ക്

പുനർ/സ്ഥിര നിയമനത്തിനായി സർക്കാരിലേയ്ക്ക് ഈ കാര്യാലയത്തിൽ നിന്നും ശുപാർശ ചെയ്തയയ്ക്കുകയാണ് ചെയ്യുന്നത്.

3. പ്രത്യേക മാനദണ്ഡമില്ല.
ശ്രീ. എച്ച്.എൽ. പരമേശ്വരന്റെ നിയമന ഉത്തരവ് പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.

4. പ്രസ്തുത ലിസ്റ്റിൽ ഉൾപ്പെട്ടവർക്ക് പുനർ/സ്ഥിര നിയമനം ലഭിക്കുന്നതിനായി സർക്കാരിലേയ്ക്ക് ഈ കാര്യാലയത്തിൽ നിന്നും അപേക്ഷ നൽകിയിട്ടുണ്ട് എന്ന വിവരം അറിയിക്കുന്നു.

താങ്കൾ ഈ മറുപടിയിൽ തൃപ്തനല്ലെങ്കിൽ മറുപടി കിട്ടി 30 ദിവസത്തിനകം അപ്പീൽ അധികാരിയായ അഡീഷണൽ ഡയറക്ടർ, സാമൂഹ്യനീതി ഡയറക്ടറേറ്റ്, **വികാസ് ഭവൻ, 5-ാം നില, തിരുവനന്തപുരം-695 033** എന്ന വിലാസത്തിൽ അപ്പീൽ നൽകാവുന്നതാണ്.

വിശ്വസ്തതയോടെ,

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
സാമൂഹ്യനീതി ഡയറക്ടറേറ്റ്.

AN